പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1612 — 31-01-2018 ൽ മറുപടിക്ക്

## അഗ്രിക്ലിനിക്കുകളുടെ പ്രവർത്തനം

ചോദ്യം
ശ്രീ.എം. സ്വരാജ്

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അഗ്രി ക്ലിനിക് ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് വിള ആരോഗ്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിഭവനുകളോട് അനുബന്ധിച്ച് 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | നിലവിൽ 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിലായി 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ 152 പഞ്ചായത്തുകളിലായി പ്രവർത്തിച്ചുവരുന്നു. ഈ വർഷം 50 പഞ്ചായത്തുകളിലായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (സി) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ? | (സി) | കാർഷിക വിളകളെ ബാധിക്കുന്ന കീടരോഗ നിർണ്ണയവും നിയന്ത്രണ മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും കർഷകർക്ക് യഥാസമയം നൽകുക എന്നതാണ് ഈ ക്ലിനിക്കുകളുടെ ഉദ്ദേശ ലക്ഷ്യം. ഈ ക്ലിനിക്കുകളിൽ നിന്ന് കീട രോഗ നിർണ്ണയത്തിനും മണ്ണിന്റെ അമ്ലത്വ പരിശോധനയ്ക്കുമുള്ള സൗകര്യം കർഷകർക്ക് ലഭ്യമാകുന്നു. കീടരോഗ നിർണ്ണയത്തിനുള്ള മൈക്രോസ്കോപ്പുകൾ, മാഗ്നിഫയറുകൾ മണ്ണിന്റെ അമ്ലത്വ പരിശോധനയ്ക്കുള്ള പി.എച്ച്. മീറ്ററുകൾ തുടങ്ങിയ ഉപകരണങ്ങൾ, ശത്രുകീടങ്ങളെയും മിത്ര കീടങ്ങളേയും തിരിച്ചറിയുന്നതിനുള്ള സ്പെസിമനുകൾ, കീടരോഗബാധ കർഷകർക്ക് മനസ്സിലാക്കുന്നതിന് സഹായകരമായ സ്പെസിമനുകൾ, ഫോട്ടോഗ്രാഫുകൾ, ചാർട്ടുകൾ എന്നിവ ഈ ക്ലിനിക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കൃഷി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ലഘുലേഖകൾ, പുസ്തകങ്ങൾ, മാഗസീനുകൾ, സി.ഡി കൾ എന്നിവ അടങ്ങിയ ഒരു ചെറിയ ലൈബ്രറിയും ക്ലിനിക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ